**തിരുവനന്തപുരത്ത് നല്ല നാടൻ പച്ചക്കറി വീട്ടുപടിക്കലെത്തിച്ച് കുടുംബശ്രീ**

കോവിഡ് 19 രോഗപ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ക് ഡൗണിൽ കടകളിൽ പോയി പച്ചക്കറികൾ വാങ്ങാൻ ഇനി തിരുവനന്തപുരം നഗരവാസികൾ ബുദ്ധിമുട്ടേണ്ട. അവരുടെ ആവശ്യാനുസരണം നല്ല നാടൻ പച്ചക്കറികൾ വീട്ടുപടിക്കലെത്തിക്കാൻ കുടുംബശ്രീ ജില്ലാമിഷന്റെ പച്ചക്കറി വണ്ടി ഓടിത്തുടങ്ങി. തിരുവനന്തപുരം നഗരത്തിലുള്ള റസിഡൻസ് അസോസിയേഷനുകൾ കേന്ദ്രീകരിച്ചാണ് ആദ്യഘട്ടമായി ഇപ്പോൾ പച്ചക്കറി വണ്ടിയുടെ സേവനം നൽകിത്തുടങ്ങിയിരിക്കുന്നത്. 7025332892, 8113008306 എന്നീ നമ്പരുകളിൽ വിളിച്ച് വേണ്ട പച്ചക്കറികൾ ഓർഡർ ചെയ്യാം. ഇത് അനുസരിച്ച് പച്ചക്കറികൾ വീട്ടുപടിക്കലെത്തിക്കും.

ഏപ്രിൽ ഏഴ് മുതലാണ് പൂജപ്പുര ഇടപ്പഴഞ്ഞിയിലുള്ള ആശ്രയ കുടുംബശ്രീ യൂണിറ്റിന്റെ നേതൃത്വത്തിൽ ഈ പച്ചക്കറി വണ്ടി സർവീസ് ആരംഭിച്ചത്. ഇന്ദിര ബാലചന്ദ്രൻ, ജീന, പ്രസന്ന, ഇന്ദിര, ആതിര എന്നിവരാണ് ഈ യൂണിറ്റിലെ അംഗങ്ങൾ. നഗരത്തിലും നഗരപ്രാന്തപ്രദേശങ്ങളിലുമുള്ള കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകൾ കൃഷി ചെയ്ത് വിളവെടുക്കുന്ന നാടൻ ഉത്പന്നങ്ങൾ ശേഖരിക്കുകയും അത് ഓർഡർ അനുസരിച്ച് വീടുകളിലേക്ക് എത്തിക്കുകയുമാണ് ചെയ്യുന്നത്. വിവിധ സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങളിൽ സജീവമായ ആശ്രയ യൂണിറ്റ്, ലോക്ക് ഡൗൺ കാലത്ത് ഇങ്ങനെയൊരു സേവനം നൽകിയാൽ അത് ഏറെ ഗുണപ്രദമാകുമെന്ന് മുന്നിൽ കണ്ടാണ് ഉടനടി ഇങ്ങനെയൊരു ആശയം ജില്ലാമിഷന്റെ പിന്തുണയോടെ പ്രാവർത്തികമാക്കിയത്.

ലോക്ക് ഡൗൺ കാലം കഴിഞ്ഞും ഈ പ്രവർത്തനം തുടരാനാണ് ആശ്രയ യൂണിറ്റ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലും പാലുത്പന്നങ്ങളും അടക്കമുള്ള അവശ്യസാധനങ്ങൾ പച്ചക്കറിക്കൊപ്പം ഈ വണ്ടിയിലൂടെ ആവശ്യക്കാരിലേക്ക് എത്തിക്കാനുള്ള ആശ്രയ യൂണിറ്റിന്റെ ലക്ഷ്യത്തിന് പൂർണ്ണ പിന്തുണയായി തിരുവനന്തപുരം ജില്ലാമിഷനും ഒപ്പമുണ്ട്. തിരുവനന്തപുരം ജില്ലയിൽ 5240 സംഘകൃഷി സംഘങ്ങളിലൂടെ 22,153 അയൽക്കൂട്ട വനിതകൾ 2151 ഹെക്ടറിലായി വിവിധ ഇനം കാർഷിക ഉത്പന്നങ്ങൾ കൃഷി ചെയ്തുവരുന്നു.